**26th January 2016 / Tuesday** **90th+++ day of 90 days**

വെളിപ്പാട് 20:15

‘ജീവപുസ്തകത്തിൽ പേരെഴുതി കാണാത്ത ഏവനെയും തീപ്പൊയ്കയിൽ തള്ളിയിടും.’

യേശുക്രിസ്തുവിന്റെ മാറിൽ ചാരിയ തന്റെ അരുമശിഷ്യനായിരുന്ന യോഹന്നാൻ ശ്ലീഹായുടെ, യേശുവിന്റെ കൂടെ സദാസമയം അനുഗമിച്ച ശിഷ്യന്റെ സജീവമായ സാന്നിധ്യം, തന്റെ ഗുരുവിന്റെ കുരിശിന്റെ അരികിലും അന്ത്യസമയത്തും ഉണ്ടായിരുന്നു. യേശുവിന്റെ കഷ്ടതയിലും രാജ്യത്തിലും സഹിഷ്ണതയിലും കൂട്ടാളിയുമായ യോഹന്നാൻ, ദൈവവചനവും യേശുവിന്റെ സാക്ഷ്യവും നിമിത്തം പത്മൊസ് ദ്വീപിൽ കർത്തൃദിവസത്തിൽ ആത്മാവിൽ നിറഞ്ഞ് എഴുതിയ വെളിപ്പാട് പുസ്തകത്തിലെ ഒരു പ്രവചനമാണ് ഈ വാക്യം. സ്വർഗ്ഗത്തിലെ ജീവപുസ്തകത്തിനെപ്പററി വിവരിക്കാനും അത് മനസ്സിലാക്കാനും യോഹന്നാൻ ശ്ലീഹായുടെ ജീവിത അനുഭവത്തിന്റെ ഏകാന്തതയും സഹിഷ്ണതയും വിശ്വാസവും ദൈവസ്നേഹവും നാം ആർജ്ജിക്കേണം. പത്മൊസ് ദ്വീപിൽ ഏകാന്തനായി കഴിയുമ്പോൾ ഉണ്ടായ ദർശനത്തിന്റെ ആവിഷ്ക്കാരവും പ്രവചനപൂർത്തീകരണവും കർത്താവിന്റെ രണ്ടാമത്തെ വരവിങ്കൽ ദർശിക്കാനും മണവാട്ടി സഭയിൽ നമ്മെ ചേർക്കപ്പെടുവാനും ഇടയാകട്ടെയെന്നും പ്രാർത്ഥിക്കുന്നു. ക്രിസ്ത്യാനി എന്ന നാമധേയത്തിൽ സുഖിച്ചു ജീവിച്ച ധനവാനെപ്പോലെ, എത്ര ലാസന്മാർക്ക് ദാനധർമ്മം ചെയ്താലും, തങ്ങളുടെ ജീവനെ സ്വർഗ്ഗത്തിൽ എത്തിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ, ഈ ലോകത്തിലെ നമ്മുടെ ജീവിതത്തിന് ഒരു അർത്ഥവും ഉണ്ടാവുകയില്ല. ബന്ധുമിത്രങ്ങൾക്ക് വർഷത്തിൽ ഒരിക്കൽ, മെഴുകുതിരികൾ കത്തിക്കാനും ധൂപം വയ്ക്കാനും, അനേക കല്ലറകളിൽ ഒരു കല്ലറയായി നാം മാറാതെ, പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും കല്ലറയിൽ നിന്നും കബറിൽ നിന്നും അനേകർക്ക്, ജാതിമതഭേദമെന്യേ സകലർക്കും ലഭിക്കുന്ന അനുഗ്രഹങ്ങളെ പോലെ, നമ്മുടെ കല്ലറയിൽ എത്തി, നമുക്കുവേണ്ടി പ്രാർത്ഥിക്കുന്നവർക്കും മദ്ധ്യസ്ഥത പ്രാപിക്കുന്നവർക്കും കൊടുക്കാനുള്ള അനുഗ്രഹങ്ങൾ ശേഖരിച്ചു വയ്ക്കാനും ഈ ലോകത്തിലെ ജീവിതം കൊണ്ട് സാധിക്കേണം. വാങ്ങിപ്പോയാലും ആത്മാവിൽ കർത്ത്യവേലകൾ തുടരാൻ സാധിക്കും. ജീവപുസ്തകത്തിലെ പേരുകൾ വിശ്വാസികളുടെ വിശുദ്ധ മാമോദീസാ പേരുകൾ ആകുന്നതിനാൽ, വിശുദ്ധ കുർബ്ബാനകളിലും മററ് പ്രത്യേക പ്രാർത്ഥനകളിലും ഓർക്കുവാൻ വേണ്ടി മാമോദീസാ പേരുകൾ കൊടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണം. അല്ലെങ്കിൽ പ്രാർത്ഥനകൾ സ്വർഗ്ഗത്തിൽ എത്തിയിട്ട്, മേൽവിലാസത്തിൽ ആളില്ലാത്ത കത്തുകൾ തിരികെ വരുന്നതുപോലെ, തിരികെ പോകാം. കുഞ്ഞുങ്ങൾക്ക് മാമോദീസാ പേരുകൾ കൂടാതെ മററ് പേരുകൾ നിർദ്ദേശിക്കുമ്പോൾ ആത്മീയമായ അർത്ഥം ഉൾക്കൊള്ളുന്നവ ആയിരിക്കണം. ജീവപുസ്തകത്തിലെ പേരുകൾ ഒരിക്കൽ എഴുതി ചേർത്താലും നമ്മുടെ ജീവിത പ്രതികരണവും സമീപനവും ആശ്രയിച്ച് മാററപ്പെടാം. വലതുഭാഗത്തെ കള്ളന്റെ പേര് എഴുതിയത് അവന്റെ അന്ത്യശ്വാസത്തിന് തൊട്ട് മുൻപ് ആയിരുന്നു. വിശ്വാസികൾ പേരുകൾ (മാമോദീസാ) ജീവപുസ്തകത്തിൽ എന്നും നിലനിൽക്കുന്നതിന് തങ്ങളുടെ ജീവനെ യേശുവിന്റെ ഉള്ളിൽ എത്തിക്കണം. ദൈവം തമ്പുരാൻ എല്ലാവരെയും അനുഗ്രഹിക്കട്ടെ.